വിദേശ പര്യടനം നടത്തിയ പൊതുമേഖലാ സ്ഥാപന മേധാവികളുടെ ചെലവ്

7 [769] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്തെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളാണ് വിദേശ പര്യടനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ പര്യടനം നടത്തിയ ഇനത്തിൽ ഓരോരുത്തർക്കും ചെലവായ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ വ്യവസായ വകുപ്പുമന്ത്രിയെ അനുഗമിച്ച ഏതെല്ലാം ഉദ്യോഗസ്ഥൻമാർ വിദേശ പര്യടനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആൻറ് സി) വിവരം ശേഖരിച്ചു വരുന്നു.

മന്ത്രിമാരുടെ പെഴ്സണൽ സ്റ്റാഫിന്റെ ചെലവുകൾ

8 [770] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 31-5-2005 വരെ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും, പെഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്കായി വിമാന യാത്രാക്കൂലി, ടി. എ., ഡി. എ., മെഡിക്കൽ റീഇംപേഴ്സ്മെൻറ്, ചായ സൽക്കാരം, ടെലഫോൺ ചാർജ് എന്നീ ഇനങ്ങളിൽ എന്തു തുക ചെലവായിട്ടുണ്ട് എന്ന് തരം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

അനുബന്ധം ആയി രേഖപ്പെടുത്തിയിരിക്കുന്നു. †

നൂറു ദിന കർമ്മ പദ്ധതി

9 [771] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കിയ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി സെക്രട്ടേറിയറിലെ വിവിധ വകുപ്പുകളിൽ നടപടികൾ പൂർത്തീകരിക്കാത്ത നിരവധി ഫയലുകൾ എഴുതിത്തള്ളിയതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇപ്രകാരം ഈവിനകം എത്ര ഫയലുകളാണ് ക്ലോസ് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) നടപടികൾ പൂർത്തിയാക്കാത്തതും എന്നാൽ കക്ഷികൾ മരിച്ചുപോയതുമായ ഫയലുകൾ എഴുതിത്തള്ളിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയൽ ക്ലോസ് ചെയ്യുന്ന നടപടി ഇപ്പോഴും തുടരുന്നുണ്ടോ;

(ഇ) ശിക്ഷാ നടപടികൾ പിൻവലിക്കുന്നത് സംബന്ധിച്ച് ഫയലുകൾ കർമ്മപദ്ധതിയുടെ അവസരം മുതലെടുത്ത് തീർപ്പാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്രകാരം ഫയലുകൾ തീർപ്പാക്കിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നടപടികൾ പൂർത്തിയാക്കിയ ഫയലുകൾ ക്ലോസ് ചെയ്യുന്നത് ഇപ്പോഴും തുടരുന്നുണ്ട്.

(ഇ) ഇല്ല.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

10 [772] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നടപ്പിലാക്കിയ ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്നും എത്ര ജില്ലകളിലാണ് ഈ പരിപാടി നടത്തിയതെന്നും വെളിപ്പെടുത്തുമോ;

(ബി) എത്ര ജില്ലകളിലെ എം. എൽ. എ.മാരുമായി വികസന കാര്യങ്ങൾ ചർച്ച ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) ജനസമ്പർക്ക പരിപാടിയിലൂടെ വിവിധ വകുപ്പുകൾ വഴി എത്ര കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

(ഡി) ജനസമ്പർക്ക പരിപാടിയിലൂടെ സംസ്ഥാനത്തെ ജനങ്ങൾക്ക് എന്തൊക്കെ നേട്ടങ്ങളുണ്ടായി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് സർക്കാരിൽനിന്നും ലഭിക്കേണ്ട വിവിധ തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുക, കഴിവതും പരിഹാരം കാണുക എന്ന ഉദ്ദേശ്യത്തോടെയാണ് നടപ്പിലാക്കിയത്. പതിനാല് ജില്ലകളിലും നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly